"ഭരണഭാഷ - മാതൃഭാഷ"

ഫോൺ : 0471 2557227 (ഓഫീസ് )
ഇ-മെയിൽ : fmgcrmiallotment@gmail.com

**കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്**
**റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035**

# അറിയിപ്പ്

1. നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശപ്രകാരം, വിദേശ മെഡിക്കൽ ബിരുദധാരികൾ, ഇനി മുതൽ അവരുടെ ഇന്റേൺഷിപ്പ് കമ്മിഷൻ അംഗീകരിച്ച മെഡിക്കൽ കോളേജുകളിൽ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. (നാഷണൽ മെഡിക്കൽ കമ്മിഷന്റെ 21-09-2022-ലെ പബ്ളിക് നോട്ടീസ് കാണുക)

2. മേൽ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും 01-01-2020 മുതൽ 30-11-2022 വരെയുള്ള കാലയളവിൽ താല്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി ഇതുവരെ ഇന്റേൺഷിപ്പ് തുടങ്ങാത്തവരുടെയും, ഇപ്പോൾ ഇന്റേൺഷിപ്പ് ചെയ്തു വരുന്ന വിദേശ മെഡിക്കൽ ബിരുദധാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ പട്ടിക പ്രസിദ്ധീകരിക്കുന്നു.

3. മേൽ പട്ടികയിൽ ഉൾപ്പെട്ട് ഇന്റേൺഷിപ്പ് തുടങ്ങാത്തവരും, ഇപ്പോൾ വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് തുടർന്നു വരുന്ന വിദേശ മെഡിക്കൽ ബിരുദധാരികളും അവരുടെ തൽസ്ഥിതി, അടിയന്തിരമായി 7-12-2022 നകം അനുബന്ധമായി ചേർത്തിരിക്കുന്ന ഗൂഗിൾ ഫോമിൽ വെബ് സൈറ്റ് മുഖേന രേഖപ്പെടുത്തേണ്ടതാണ്. ഈ പട്ടികയിൽ എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം, മേൽ തീയതിയ്ക്ക് മുൻപ് തന്നെ കൗൺസിലുമായി ബന്ധപ്പെട്ട് പരിഹരിച്ച് ഗൂഗിൾ ഫോം പൂർത്തീകരിച്ച് വെബ് സൈറ്റ് മുഖേന തന്നെ

സമർപ്പിക്കേണ്ടതുമാണ്. ആയതിന് കൗൺസിലിന്റെ ഇ-മെയിൽ സംവിധാനം മുഖേന ബന്ധപ്പെട്ട് സംശയ നിവൃത്തി നേടേണ്ടതാണ്. 7-12-2022-ന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. (ഇ-മെയിൽ: fmgcrmiallotment@gmail.com)

4. അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടവരിൽ, താങ്കളുടെ വിദേശ പഠന കാലയളവ് പൂർണ്ണമായും "Off-line" മുഖേന പൂർത്തിയാക്കിയവരെ 'A' വിഭാഗത്തിലും, അവസാന വർഷ പഠന കാലയളവ് "On-line" മുഖേന പൂർത്തിയാക്കിയതും നാഷണൽ മെഡിക്കൽ കമ്മീഷന്റെ 28-07-2022-ലെ പബ്ലിക് നോട്ടീസിന്റെ പരിധിയിൽ വരുന്നവരെ 'B' വിഭാഗത്തിലുമാണ് ഗൂഗിൾ ഫോമിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. താഴെ വിവരിക്കുന്ന ഏത് വിഭാഗത്തിലാണ് തങ്ങൾ ഉൾക്കൊള്ളുന്നതെന്ന് വ്യക്തമായി മനസ്സിലാക്കി ഗൂഗിൾ ഫോം പൂരിപ്പിച്ച് കൗൺസിലിന്റെ വെബ് സൈറ്റ് മുഖേന സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

5. കൗൺസിലിൽ താൽക്കാലിക രജിസ്ട്രേഷന് അപേക്ഷ നൽകി, ഇതുവരെ താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ "C" വിഭാഗത്തിൽ തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി ഗൂഗിൾ ഫോം പൂരിപ്പിച്ച് കൗൺസിൽ വെബ് സൈറ്റ് മുഖേന സമർപ്പിക്കേണ്ടതാണ്.

## കാറ്റഗറി 'A'

**(എൻ.എം.സി. യുടെ 28–07–2022–ലെ പബ്ളിക് നോട്ടീസിന്റെ പരിധിയിൽ വരാത്ത ഒരു വർഷം മാത്രം ഇന്റേൺഷിപ്പ് ചെയ്യേണ്ടവർ.)**

(A1) ഇന്റേൺഷിപ്പിനുവേണ്ടി പ്രൊവിഷണൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി, എന്നാൽ ഇന്റേൺഷിപ്പ് നാളിതുവരെ തുടങ്ങാത്തവർ

(A2) ഒരു വർഷ ഇന്റേൺഷിപ്പ് തുടങ്ങി എന്നാൽ ഇതുവരെ പൂർത്തിയാക്കാത്തവർ.

## കാറ്റഗറി 'B'

**(എൻ.എം.സി. യുടെ 28–07–2022–ലെ പബ്ളിക് നോട്ടീസിന്റെ പരിധിയിൽ ഉൾപ്പെട്ട് രണ്ട് വർഷം ഇന്റേൺഷിപ്പ് ചെയ്യേണ്ടവർ)**

(B1) ഇന്റേൺഷിപ്പിനുവേണ്ടി പ്രൊവിഷണൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി, എന്നാൽ ഇന്റേൺഷിപ്പ് നാളിതുവരെ തുടങ്ങാത്തവർ

(B2) ആദ്യ വർഷ ഇന്റേൺഷിപ്പ് തുടങ്ങിയവരും എന്നാൽ ആയത് ഇതുവരെ പൂർത്തിയാകാത്തവർ

(B3) ആദ്യ വർഷം ഇന്റേൺഷിപ്പ് പൂർത്തിയാക്കി, രണ്ടാം അധിക വർഷം ഇന്റേൺഷിപ്പ് ചെയ്യേണ്ടവർ

## <u>കാറ്റഗറി 'C'</u>

(C) താൽക്കാലിക രജിസ്ട്രേഷന് അപേക്ഷ നൽകി, നാളിതുവരെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ

Closing Date 7-12-2022, 5.00 PM

രജിസ്ട്രാർ